# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

## നക്ഷത്രചിഹ്നമിട്ട നിയമസഭ ചോദ്യം നം. 459 – 22/03/2018 -ലെ മറുപടിക്ക്

## സാമ്പത്തിക മുരടിപ്പുണ്ടാകാതിരിക്കാനായി സ്വീകരിച്ചു വരുന്ന നടപടികൾ

ചോദ്യം

ഉത്തരം

ശ്രീ. ജെയിംസ് മാത്യു
ശ്രീ. വി. കെ. സി. മമ്മത് കോയ
ശ്രീ. കെ. ബാബു
ശ്രീ. യു. ആർ. പ്രദീപ്

ഡോ. ടി. എം. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പുമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| എ) | സംസ്ഥാനത്ത് സാമ്പത്തിക മുരടിപ്പുണ്ടാകാതിരിക്കാനായി സ്വീകരിച്ചു വരുന്ന നടപടികൾ അറിയിക്കാമോ; | നോട്ടു നിരോധനം സൃഷ്ടിച്ച സാമ്പത്തിക അരക്ഷിതാവസ്ഥയും മുന്നൊരുക്കമില്ലാതെ ജി.എസ്.ടി. നടപ്പിലാക്കിയതുമൂലം റവന്യൂ വരുമാനത്തിലുണ്ടായ കുറവും സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധിക്ക് കാരണമായിരുന്നു. കൂടാതെ റവന്യൂ ചെലവിലുണ്ടായ വർദ്ധനവും സർക്കാരിന്റെ ധനസ്ഥിതിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഈ പ്രതികൂല സാഹചര്യത്തിലും വികസന/പദ്ധതി പ്രവർത്തനങ്ങൾ മുടങ്ങാതിരിക്കുന്നതിനും സർക്കാർ സംവിധാനത്തിന്റെ സുഗമമായ പ്രവർത്തനത്തിനാവശ്യമായ പണം ലഭ്യമാക്കുന്നതിനും വീഴ്ച വരാതിരിക്കുന്നതിന് സർക്കാർ പ്രത്യേക ശ്രദ്ധ നൽകിയിട്ടുള്ളതും മുൻകരുതൽ നടപടികൾ കൈക്കൊണ്ടിട്ടുള്ളതുമാണ്. ആയതിന്റെ ഫലമായി മുൻ വർഷം ഇതേ കാലയളവിൽ നടന്ന പദ്ധതിചെലവുകളെക്കാൾ അധിക പദ്ധതിചെലവ് ഇതേസമയം നടത്താനായിട്ടുണ്ട്. വാർഷിക പദ്ധതിയുടെ ഭാഗമായി ജനങ്ങൾ നിരന്തരം ഇടപെടുന്ന മേഖലകളായ കൃഷിയും അനുബന്ധ മേഖലകളും, ഗ്രാമീണ വികസനം, പഞ്ചായത്ത്, പരമ്പരാഗത വ്യവസായം, പൊതുവിതരണ സമ്പ്രദായം, വിദ്യാഭ്യാസം, ആരോഗ്യം, തൊഴിൽ എന്നീ മേഖലകൾ മെച്ചപ്പെടുത്താനും, തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിനും അർഹമായ വിഹിതം വകയിരുത്തിയിട്ടുണ്ട്. വൻ മൂലധന നിക്ഷേപക്കുതിപ്പിന് സഹായകരമാകുന്ന രീതിയിൽ കിഫ്ബി വഴി ഏതാണ്ട് 54000 കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതിൽ 20000 കോടി രൂപയുടെ പദ്ധതികൾക്ക് ഫണ്ട് അനുവദിച്ച് നടപ്പിലാക്കാനുള്ള നടപടി കൈക്കൊണ്ടു വരികയാണ്. ബാക്കി പദ്ധതികൾക്ക് 2018-19 -ൽ അംഗീകാരം നൽകും. |

| | | |
|---|---|---|
| | | കിഫ്ബി വഴിയുള്ള ഈ വൻനിക്ഷേപം സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയ്ക്ക് ഉത്തേജകമാകുമെന്ന് പ്രതീക്ഷിക്കുന്നു.<br>പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി ആസൂത്രണ ബോർഡ് വിവിധ മേഖലകളിലായി 43 കർമ്മ സമിതികൾക്ക് രൂപം കൊടുത്തുകൊണ്ട് അതിന്റെ ശുപാർശകൾ വാർഷിക പദ്ധതികളിലൂടെ നടപ്പാക്കി വരികയാണ്. പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ സമീപനരേഖ പ്രകാരം 'ജനങ്ങളിൽ നിക്ഷേപിക്കുന്ന കേരളം' എന്ന സങ്കൽപത്തിൽ ഊന്നി, കേരളത്തിന്റെ ദേശീയ, അന്തർദേശീയ പ്രശസ്തിയുടെ അടിസ്ഥാനം മാനുഷിക വികസനമാണ് എന്ന സങ്കൽപത്തിലൂടെ എല്ലാ മേഖലകളിലും സുസ്ഥിരമായ നേട്ടം കൈവരിക്കാനുതകുന്ന നടപടികൾ സ്വീകരിക്കാൻ സർക്കാർ ലക്ഷ്യമിടുന്നു.<br>പതിമൂന്നാം പദ്ധതിയുടെ 2017-2018, 2018-2019 വാർഷിക പദ്ധതികളിൽ പൊതുവായ വികസനത്തിന് അർഹമായ വിഹിതം വകയിരുത്തിയിട്ടുണ്ട്. 2018-2019 വാർഷിക പദ്ധതിയിൽ കൃഷിയും അനുബന്ധമേഖലകൾക്കുമായുള്ള വിവിധ ഉപമേഖലകളിലെ സ്കീമുകൾക്കായി 1750.80 കോടി രൂപയും തൊഴിൽ മേഖലയ്ക്ക് 722.67 കോടി രൂപയും വ്യവസായ മേഖലയ്ക്ക് (ചെറുകിട വ്യവസായം, പരമ്പരാഗത വ്യവസായം എന്നിവ ഉൾപ്പെടെ ഉള്ളവ) 979.81 കോടി രൂപയും നീക്കിവച്ചിട്ടുണ്ട്.<br>ജി.എസ്.ടി. യുടെ ഭാഗമായി ഇ-വേ ബിൽ നടപ്പിലാക്കുന്നതോടുകൂടി ജി.എസ്.ടി -യിൽ നിന്നുള്ള വരുമാനം വർദ്ധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഇത്തരത്തിൽ നികുതി നികുതിയേതര വരുമാനം വർദ്ധിപ്പിച്ചുകൊണ്ടും അധിക വിഭവ സമാഹരണത്തിലൂടെയും കർശനമായ സാമ്പത്തിക അച്ചടക്കം പാലിച്ചുകൊണ്ടും റവന്യൂ കമ്മി കുറച്ചുകൊണ്ടു വരുന്നതിനും ധനകമ്മി അനുവദനീയമായ മൂന്നു ശതമാനത്തിനുള്ളിൽ പരിമിതപ്പെടുത്തുന്നതിനും സർക്കാർ ലക്ഷ്യമിടുന്നു. |
| ബി | കേന്ദ്രസർക്കാർ എഫ്.ആർ. ബി.എം. അവലോകന സമിതിയുടെ റിപ്പോർട്ട് അംഗീകരിച്ചാൽ സംസ്ഥാനത്തിന്റെ വായ്പ ജി.എസ്.ഡി.പി. അനുപാതം 2022 ഓടുകൂടി 20 ശതമാനമായും ധനകമ്മി നിലവിലെ 3.2 ശതമാനത്തിൽ നിന്ന് 1.7 ശതമാനമായും | എഫ്. ആർ. ബി. എം. കമ്മിറ്റിയുടെ ശുപാർശ അനുസരിച്ച് 2022-23 -ഓടെ സംസ്ഥാനത്തിന്റെ ധനകമ്മി/ജി.എസ്.ഡി.പി അനുപാതം 1.7 ശതമാനവും കടം/ജി.എസ്.ഡി.പി അനുപാതം 20 ശതമാനവും ആയി കുറയ്ക്കേണ്ടിവരുമെന്ന് നാലാമത് കേരളാ പൊതുചെലവ് പുനഃപരിശോധനാ കമ്മിറ്റി നിരീക്ഷിക്കുകയുണ്ടായിട്ടുണ്ട്. കേന്ദ്ര സർക്കാർ ഈ ശുപാർശ അംഗീകരിക്കുന്ന പക്ഷം അതു പാലിക്കുന്നതിനായി സംസ്ഥാനത്തിന് ചെലവ് |

| | | |
|---|---|---|
| | കുറയ്ക്കാനും നിർബന്ധിതമാകുന്നത് മൂലധന ചെലവുകളെയും വികസന ചെലവുകളെയും തൽഫലമായി സാമ്പത്തികവളർച്ചയെയുംഏത്ര തരത്തിൽ ബാധിക്കാനിടയുണ്ടെന്ന് വിശകലനം ചെയ്തിട്ടുണ്ടോ; | വെട്ടിക്കുറയ്ക്കേണ്ടി വരികയും വരുമാനം പതിന്മടങ്ങ് വർദ്ധിപ്പിക്കുന്നതിനായുള്ള നടപടി സ്വീകരിക്കേണ്ടി വരികയും ചെയ്യും. കേരളം പോലുള്ള ധനകമ്മി, റവന്യൂ കമ്മി അനുപാതങ്ങൾ ഉയർന്നു നിൽക്കുന്ന സംസ്ഥാനത്തിന് എഫ്.ആർ.ബി.എം. റിവ്യൂ കമ്മിറ്റിയുടെ സാമ്പത്തിക ദൃഡീകരണ മാർഗ്ഗരേഖ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഏറെ ബുദ്ധിമുട്ടുണ്ടാക്കുമെന്ന് നാലാം പൊതുചെലവ് പുന:പരിശോധന കമ്മിറ്റി അഭിപ്രായപ്പെട്ടിട്ടുണ്ട്. വർദ്ധിച്ചുവരുന്ന റവന്യൂ ചെലവ് വഹിക്കുന്നതോടൊപ്പം സംസ്ഥാനത്തിന്റെ മൂലധന ചെലവ് വെട്ടിക്കുറയ്ക്കാത്ത വിധം യുക്തിസഹമായ സാമ്പത്തിക നടത്തിപ്പ് കൈക്കൊള്ളേണ്ടിവരുമെന്നും പൊതുചെലവ് പുന:പരിശോധന കമ്മിറ്റി നിരീക്ഷണം നടത്തിയിട്ടുണ്ട്. |
| സി | എഫ്.ആർ.ബി.എം. നടപടി കൾ നിർദ്ദിഷ്ടപാതയിൽ നടത്തുന്നെന്ന് ഉറപ്പ് വരുത്താനായി റിവ്യൂ കമ്മിറ്റി നിർദ്ദേശിച്ചതു പോലെ സ്വയംഭരണാധികാരമുള്ള ധന നിയന്ത്രണ സമിതി (Fiscal Council) രൂപീകരിക്കുന്നത് നികുതി വരുമാനം നിശ്ചയിക്കാനുള്ള സംസ്ഥാനങ്ങളുടെ സ്വാതന്ത്ര്യം ചോർത്തിയതുപോലെ ചെലവ് നടത്താനുള്ള അധികാരവും ചോർത്തി സംസ്ഥാനങ്ങളെ കേന്ദ്ര സർക്കാരിന്റെ സാമ്പത്തികാശ്രിതരാക്കി മാറ്റാനിടയുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ? | നിലവിലെ എഫ്.ആർ.ബി.എം. ആക്ട് റദ്ദാക്കിക്കൊണ്ട് പുതിയ Debt & Fiscal Responsibility Act പാസാക്കണമെന്നും ഒരു ഫിസ്കൽ കൗൺസിൽ രൂപീകരിക്കണമെന്നും എഫ്.ആർ.ബി.എം. റിവ്യൂ കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ട്. സംസ്ഥാന സർക്കാരുകളുടെയും കേന്ദ്ര സർക്കാരിന്റേയും സാമ്പത്തിക ദൃഡീകരണം ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായാണ് കേന്ദ്ര ധനകാര്യ കമ്മീഷനുകൾ റവന്യൂ കമ്മി, ധനകമ്മി ലക്ഷ്യങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള സാമ്പത്തിക ദൃഡീകരണ മാർഗ്ഗരേഖ ശുപാർശ ചെയ്യാറുള്ളത്. സംസ്ഥാനങ്ങളുടെ നിലവിലെ സാമ്പത്തിക സ്ഥിതിയും പ്രത്യേകതകളും കണക്കിലെടുത്തുകൊണ്ട് സംസ്ഥാനങ്ങൾക്കനുകൂലമായ ഒരു സാമ്പത്തിക ദൃഡീകരണ മാർഗ്ഗ രേഖ ശുപാർശ ചെയ്യണമെന്ന് സംസ്ഥാനങ്ങൾക്ക് ധനകാര്യ കമ്മീഷനുകളോട് അഭ്യർത്ഥിക്കാൻ കഴിയും. ഇത്തരത്തിൽ സംസ്ഥാനത്തിന് അനുകൂലമായ ഒരു പുതിയ സാമ്പത്തിക ദൃഡീകരണ മാർഗ്ഗ രേഖ 15-ാം ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്യണമെന്ന് സർക്കാർ ആവശ്യപ്പെടുന്നതാണ്. |

സെക്ഷൻ ഓഫീസർ